# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം 2789 — 14.02.2013 -ൽ മറുപടിയ്ക്ക്

## എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് നവീകരണം , ഇന്റർവ്യൂ രീതിയിൽ മാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.സി.എഫ്. തോമസ്<br>ശ്രീ.റ്റി.യു. കുരുവിള<br>ശ്രീ.മോൻസ് ജോസഫ് | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി പത്തോ ഇരുപതോ ഒഴിവുകളിലേക്ക് ആയിരവും രണ്ടായിരവും പേരെ ഇന്റർവ്യൂവിന് അയയ്ക്കുന്ന അശാസ്ത്രീയ രീതി പുന:പരിശോധിക്കുവാൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്ന ഒഴിവുകളുടെ സ്വഭാവം അനുസരിച്ച് ഒഴിവുകൾക്ക് ജില്ല/ മേഖല/സംസ്ഥാനം എന്നീ തലങ്ങളിലാണ് നടപടി സ്വീകരിക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്ന സ്ഥിരം ഒഴിവുകളിൽ സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും പേര് രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് അവസരം ലഭിക്കുന്നതിനായി, പ്രസ്തുത ഒഴിവുകൾ സംസ്ഥാനത്തൊട്ടാകെയുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സർക്കുലേറ്റ് ചെയ്യുകയും, ഒരൊഴിവിന് ഒരാൾ എന്ന കണക്കിൽ ലഭിക്കുന്ന എല്ലാ ഉദ്യോഗാർത്ഥികളുടെയും ലിസ്റ്റ് ക്രോഡീകരിച്ച് ഉദ്യോഗദായകന് നൽകുകയും ചെയ്യുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്ന നിലവിലെ രീതിയ്ക്ക് അശാസ്ത്രീയത ഉണ്ടെങ്കിൽ പരിശോധിക്കുന്നതാണ്. |
| (ബി) എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളെ നവീകരിക്കുന്നതിനും സ്വകാര്യ മേഖലയിൽ ഉൾപ്പെടെ തൊഴിലാളികളെ ലഭ്യമാക്കുന്നതിനും ഇവയെ ഉപയോഗ | (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നവീകരിക്കുന്നതിന്റെ ഭാഗമായി 2012-13 സാമ്പത്തിക വർഷം പുതിയതായി നടപ്പാക്കുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ഈ പദ്ധതി |

പ്പെടുത്തുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

മുഖേന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും അവിടെ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ 'സ്കിൽഗ്യാപ്പ്' കണ്ടുപിടിച്ച് അവർക്ക് ആവശ്യമായ പരിശീലനം നൽകുകയും സർക്കാർ മേഖലയിലേയും സ്വകാര്യ മേഖലയിലേയും തൊഴിൽ ദാതാക്കളുമായി സഹകരിച്ചുകൊണ്ട് ജോബ്ഫെസ്റ്റുകൾ സംഘടിപ്പിച്ച് പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ